## ഭാഗം 3: അന്ത്യമായ അവസ്ഥ

ഇപ്പോഴത്തെ നമ്മുടെ അവസ്ഥയും, മരിക്കുമ്പോൾ നമുക്ക് എന്തു സംഭവിക്കുന്നു എന്നും, മരണത്തിനും ഉയർത്തെഴുന്നേല്പിനുമിടക്കുള്ള സ്ഥാനം എവിടെ ആയിരിക്കുമെന്നുമാണ് നാം ഭാഗം 1-ൽ കണ്ടത്. ഭാഗം 2-ൽ, യേശു മടങ്ങിവരുമ്പോൾ സംഭവിക്കുന്നതിനെ കുറിച്ചാണ് നാം പഠിച്ചത്. ഈ അവസാന ഭാഗത്ത് നാം നോക്കുന്നത്, നമുക്ക് ലഭിക്കുന്ന പ്രതിഫലത്തിന്റെ ദൈർഘ്യം, അല്ലെങ്കിൽ ന്യായവിധിക്കുശേഷമുള്ള ശിക്ഷ എന്നിവയാണ്. "എവർലാസ്റ്റിങ്ങ്" എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? നീതിമാന്മാർ അനുഗ്രഹിക്കപ്പെടുന്നതും, ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുന്നതും എത്ര കാലമായിരിക്കും? ദൈവമനസ് അറിയുവാനുള്ള ഏകവഴി അവൻ വെളിപ്പെടുത്തിയിരിക്കുന്നത് നോക്കുക മാത്രമാണ്. "മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മീയമായത് തെളിയിക്കുന്നു ..." (1 കൊരിന്ത്യർ 2:9-13; ആർഎസ്‌വി). മനുഷ്യന്റെ അവസാനത്തെ അവസ്ഥയെകുറിച്ച് നമുക്ക് വെളിപ്പാട് ഇല്ലെങ്കിൽ നാം പൂർണ്ണമായും ഇരുട്ടിലാകും.

നമ്മുടെ ഭൗതിക പ്രപഞ്ചം അപ്രത്യക്ഷമായ ശേഷം, ആത്മിയഗോളത്തിലെ നമ്മുടെ നിലനിൽപിനെ കുറിച്ചാണ് ഈ ഭാഗത്ത് നാം പഠിക്കുന്നത്. ഇവിടെയാണ് വെല്ലുവിളി ഉയരുന്നത്. ആ മേഖലയെ കുറിച്ച് മനസിലാക്കാതെ അതിനെ ഒരിക്കലും ഒന്നു കണ്ണോടിക്കുവാൻ പോലും കഴിയുന്നതെങ്ങനെ? ആത്മിയ മേഖലയെ നമുക്ക് മനസിലാക്കുവാൻ ദൈവം ഭൗതിക വാക്കുകളും അലങ്കാരങ്ങളും ഉപയോഗിച്ചിട്ടുണ്ട്. അത്തരം വാക്കുകൾ തെറ്റിദ്ധരിക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കണം.